ആധാരമെഴുത്തുകാർക്കുകൂടി പങ്കാളിത്തം ലഭിക്കുന്ന രീതിയിലുള്ള പരിഷ്കാരങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പൊതുജനങ്ങൾക്ക് കാലതാമസം കൂടാതെ സേവനങ്ങൾ നൽകുക എന്നതാണ് കമ്പ്യൂട്ടർവൽക്കരണത്തിന്റെ ലക്ഷ്യം.

(സി) രജിസ്ട്രേഷൻ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണത്തിന് നാളിതുവരെ 549.31 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. കമ്പ്യൂട്ടർവൽക്കരണത്തിന്റെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി.) ആണ്.

ബാലുശ്ശേരി സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം

259(3184) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷനും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി സബ്ബ് രജിസ്ട്രാർ ഓഫീസ് ദീർഘകാലമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കെട്ടിടത്തിന് നൽകിവരുന്ന പ്രതിവർഷ വാടകത്തുക എത്രയാണെന്നറിയിക്കാമോ ;

(സി) പ്രസ്തുത രജിസ്ട്രാർ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ ആഫീസിന്റെ പ്രതിവർഷ വാടകത്തുക 1,30,260 രൂപയാണ്.

(സി) ഇല്ല.

രജിസ്ട്രേഷൻ വകുപ്പിൽ മോഡേണൈസേഷൻ

260(3185) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷനും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രജിസ്ട്രേഷൻ വകുപ്പിന്റെ ആസ്ഥാനത്ത് I.G (മോഡേണൈസേഷൻ) എന്ന തസ്തിക നിലവിലുണ്ടോ ; എങ്കിൽ പ്രസ്തുത തസ്തിക നിലവിൽ വന്നത് എന്നു മുതലാണ് ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly